# Std. 4 - Chapter 7 - Revision - Main points

## പാഠം 7 – വിശുദ്ധ കുർബാന: ജീവന്റെ അപ്പം

| | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ഈജിപ്തിൽ നിന്നും ഇസ്രായേൽ ജനത എങ്ങോട്ടാണ് യാത്ര ചെയ്തത്? | കാനാൻ ദേശത്തേക്ക്. |
| 2 | യാത്രയ്ക്കിടയിൽ ഭക്ഷണം തീർന്നപ്പോൾ ദൈവം ഇസ്രായേൽ ജനങ്ങൾക്ക് അത്ഭുതകരമായി നൽകിയതെന്ത്? | മന്നാ. |
| 3 | മന്നായുടെ നിറവും രുചിയും എന്തായിരുന്നു ? | വെളുത്ത നിറവും തേൻ ചേർത്ത അപ്പത്തിന്റെ രുചിയും. |
| 4 | മന്നാ എന്തായിരുന്നു? | ഈജിപ്തിൽനിന്ന് കാനാൻദേശത്തേക്കുള്ള യാത്രാമധ്യേ ഇസ്രായേൽജനം വിശന്നപ്പോൾ ദൈവം അത്ഭുതകരമായി നൽകിയ ആഹാരമാണ് മന്നാ. ആകാശത്തുനിന്ന് മഞ്ഞുപോലെയുള്ള വെളുത്തതും തേൻ ചേർത്ത അപ്പത്തിന്റെ രുചിയുള്ളതുമായ മന്നാ ദൈവം അവർക്ക് നൽകി. മന്നാ ഭക്ഷിച്ചതിലൂടെ അവരുടെ വിശപ്പും ക്ഷീണവും മാറി. (പുറപ്പാട് 16:1..36) |
| 5 | ഇസ്രായേൽജനം മന്നാ ഭക്ഷിച്ചതിന്റെ ഫലം എന്തായിരുന്നു? | മന്നാ ഭക്ഷിച്ചതിലൂടെ ഇസ്രായേൽജനത്തിന്റെ വിശപ്പും ക്ഷീണവും മാറി. അവർ ശക്തി പ്രാപിച്ച് കാനാൻ ദേശത്തേക്ക് യാത്ര തുടർന്നു. |
| 6 | ഈശോയുടെ പ്രസംഗം കേൾക്കാൻ കൂടിയ ജനങ്ങൾക്ക് വിശന്നപ്പോൾ ഈശോ എന്ത് ചെയ്തു? | അപ്പം അത്ഭുതകരമായി വർദ്ധിപ്പിച്ചു നൽകി ജനങ്ങളുടെ വിശപ്പകറ്റി. |
| 7 | 'ഞാനാണ് ജീവന്റെ അപ്പം' എന്ന് പറഞ്ഞത് ആരാണ്? | ഈശോയാണ് "ഞാനാണ് ജീവന്റെ അപ്പം" എന്ന് പറഞ്ഞത്. (യോഹന്നാൻ 6:35) |
| 8 | തന്റെ അടുത്തു വരുന്നവന് എന്ത് സംഭവിക്കില്ല എന്നാണ് ഈശോ പറഞ്ഞത്? | 'എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല' എന്ന്. |
| 9 | ഈശോ അപ്പം വർധിപ്പിച്ച് ജനങ്ങൾക്ക് നൽകിയത് ഏത് സംഭവത്തിലാണ്? | ഈശോയുടെ പ്രസംഗം കേൾക്കാൻ ചുറ്റും കൂടിയിരുന്ന ജനങ്ങൾക്ക് വിശന്നപ്പോൾ, ഈശോ അപ്പം അത്ഭുതകരമായി വർധിപ്പിച്ച് അവർക്ക് നൽകി. (യോഹന്നാൻ 6:1..15) |
| 10 | അപ്പം വർധിപ്പിച്ച അത്ഭുതത്തിലൂടെ ഈശോ എന്താണ് വെളിപ്പെടുത്തിയത്? | ശാരീരിക വിശപ്പ് അകറ്റുന്ന അപ്പത്തിനു പുറമേ, ആത്മാവിന്റെ വിശപ്പ് അകറ്റുന്ന ഭക്ഷണവും ഈശോ നൽകുന്നു എന്ന് ഈ അത്ഭുതത്തിലൂടെ വെളിപ്പെടുത്തി. |
| 11 | നമ്മുടെ ആത്മീയജീവിതത്തെ പരിപോഷിപ്പിച്ചു ശക്തിപ്പെടുത്തുന്നതിനായി ഈശോ സ്ഥാപിച്ചതെന്ത്? | വിശുദ്ധ കുർബാന. |
| 12 | ഐക്യത്തിന്റെ കൂദാശ എന്ന് വിളിക്കപ്പെടുന്നത് ഏത് കൂദാശയെയാണ്? | വിശുദ്ധ കുർബാനയെ. |
| 13 | ഏത് തിരുനാളിലാണ് ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചത്? | പെസഹാത്തിരുനാളിൽ. |

| | ചോദ്യം | ഉത്തരം |
|---|---|---|
| 14 | 'പെസഹാ' എന്ന വാക്കിന്റെ അർത്ഥമെന്ത്? | **കടന്നുപോകൽ.** |
| 15 | പഴയനിയമത്തിലെ പെസഹാ എന്തിൽനിന്നുള്ള മോചനത്തിന്റെ ഓർമ്മയായിരുന്നു? | **ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന്റെ ഓർമ്മ.** |
| 16 | പുതിയനിയമത്തിലെ പെസഹാ എന്തിൽനിന്നുള്ള മോചനമാണ്? | **പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനം.** |
| 17 | അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ഈശോ നമുക്ക് നൽകുന്നത് എന്താണ്? | **തന്റെ ശരീരവും രക്തവും.** |
| 18 | **1. വി. കുർബാന എന്ന കൂദാശ എന്ത്?** | **അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നമ്മുടെ കർത്താവീശോമിശിഹാ തന്റെ തിരുശരീരവും തിരുരക്തവും നമ്മുടെ ആത്മീയ പോഷണമായി നൽകുന്ന കൂദാശയാണ് വി. കുർബാന.** |
| 19 | വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും എന്തായി മാറുന്നു? | **അപ്പവും വീഞ്ഞും ഈശോയുടെ തിരുശരീരവും തിരുരക്തവുമായി മാറുന്നു.** |
| 20 | ഈശോ അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് എന്താണ് അരുളിച്ചെയ്തത്? | **'വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്.'** |
| 21 | ഈശോ പാനപാത്രമെടുത്ത് പാനപാത്രം എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് എന്ത് പറഞ്ഞു? | **'നിങ്ങളെല്ലാവരും ഇതിൽ നിന്ന് പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്.'** |
| 22 | നമുക്ക് രക്ഷ പ്രദാനം ചെയ്യുന്ന അഥവാ ജീവൻ നൽകുന്ന ഈശോയുടെ സ്നേഹവിരുന്നാണ് എന്താണ്? | **വിശുദ്ധ കുർബാന** |
| 23 | **2. ഈശോ വി. കുർബാന സ്ഥാപിച്ചത് എന്തിന്?** | **ക്രൈസ്തവരായ നമ്മുടെ ആത്മീയജീവിതത്തെ പരിപോഷിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനായാണ് ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചത്.** |
| 24 | ഈശോയുടെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവർക്ക് എന്താണ് ലഭിക്കുന്നത്? | **ഈശോയുടെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവർക്ക് നിത്യജീവൻ ലഭിക്കുന്നു; അന്ത്യദിവസം ഈശോ അവരെ ഉയിർപ്പിക്കും. (യോഹന്നാൻ 6:54)** |
| 25 | വിശുദ്ധ കുർബാനയിൽ നാം സ്വീകരിക്കുന്നത് ആരുടെ യഥാർത്ഥ ശരീരവും രക്തവുമാണ്? | **വിശുദ്ധ കുർബാനയിൽ നാം ഈശോയുടെ യഥാർത്ഥ തിരുശരീരവും തിരുരക്തവുമാണ് സ്വീകരിക്കുന്നത്. ഈശോ തന്നെ അരുളിച്ചെയ്യുന്നു: "എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്; എന്റെ രക്തം യഥാർത്ഥ പാനീയവുമാണ്." (യോഹന്നാൻ 6:55)** |
| 26 | എന്തുകൊണ്ടാണ് വിശുദ്ധ കുർബാനയെ നമ്മുടെ ആത്മീയ പോഷണമായി വിളിക്കുന്നത്? | **വിശുദ്ധ കുർബാനയിൽ ഈശോ തന്റെ തിരുശരീരവും തിരുരക്തവും നമുക്ക് ഭക്ഷണവും പാനീയവുമായി നൽകുന്നതിനാൽ അത് നമ്മുടെ ആത്മീയ പോഷണമാണ്.** |

| | ചോദ്യം | ഉത്തരം |
|---|---|---|
| 27 | വിശുദ്ധ കുർബാനയിലെ സ്നേഹവിരുന്നിലൂടെ നാം ആരിലാണ് ഒന്നാകുന്നത്? | **വിശുദ്ധ കുർബാനയിലെ സ്നേഹവിരുന്നിലൂടെ നാം ഈശോയിൽ ഒന്നാകുന്നു.** |
| 28 | ആദിമ ക്രൈസ്തവസമൂഹം എങ്ങനെയാണ് വിശുദ്ധ കുർബാനയിൽ പങ്കെടുത്തിരുന്നത്? | **ആദിമ ക്രൈസ്തവർ ഏകമനസ്സോടും സന്തോഷത്തോടും കൂടെ വിശുദ്ധ കുർബാനയിൽ പങ്കെടുത്തിരുന്നു. അവർ ഏകമനസ്സോടെ ദൈവാലയത്തിൽ ഒരുമിച്ചുകൂടുകയും വീടുതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആനന്ദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. (അപ്പസ്തോലപ്രവർത്തനങ്ങൾ 2:46)** |
| 29 | വിശുദ്ധ കുർബാനയിൽ പങ്കുചേരുന്നവർ എങ്ങനെ ജീവിക്കണം? | **ഒരേ വിരുന്നിൽ പങ്കുചേരുന്നവർ പരസ്പരം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്ത് ഐക്യത്തിൽ ജീവിക്കണം.** |
| 30 | അൾത്താരയിലെ പങ്കുവയ്ക്കൽ നമ്മെ എന്തിലേക്ക് നയിക്കണം? | **അൾത്താരയിലെ പങ്കുവയ്ക്കൽ ജീവിതത്തിലെ പങ്കുവയ്ക്കലിലേക്കാണ് നമ്മെ നയിക്കേണ്ടത്.** |
| 31 | **3. വിശുദ്ധ കുർബാനയിൽ പങ്കുചേരുമ്പോൾ വിശുദ്ധ കുർബാന സ്വീകരിക്കണം. എന്തുകൊണ്ട്?** | വിശുദ്ധ കുർബാന ഒരു സ്നേഹവിരുന്നായതിനാൽ അതിൽ പങ്കുചേരുന്നവർ ഈശോ നൽകുന്ന തിരുശരീരവും തിരുരക്തവും യോഗ്യതയോടെ സ്വീകരിക്കണം. അപ്പോഴാണ് വിരുന്ന് പൂർണമാകുന്നത്. |
| 32 | **4. വിശുദ്ധ കുർബാനയെ ഐക്യത്തിന്റെ കൂദാശ എന്നു വിളിക്കുന്നതെന്തുകൊണ്ട്?** | വിശുദ്ധ കുർബാനയിൽ ഈശോയുടെ തിരുശരീരത്തിൽ പങ്കുചേരുന്നതിലൂടെ നാം ഈശോയിൽ ഒന്നാകുകയും സഭാശരീരത്തിൽ ഐക്യപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടാണ് വിശുദ്ധ കുർബാനയെ ഐക്യത്തിന്റെ കൂദാശ എന്നു വിളിക്കുന്നത്. |
| 33 | "അപ്പം ഒന്നേയുള്ളൂ; അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്" എന്നതിന്റെ അർത്ഥമെന്ത്? | **ഒരേ അപ്പമായ ഈശോയുടെ തിരുശരീരത്തിൽ പങ്കുചേരുന്നതിലൂടെ പലരായിരിക്കുന്ന നാം സഭാശരീരത്തിൽ ഒന്നായിത്തീരുന്നു എന്നാണ് ഇതിന്റെ അർത്ഥം. (1 കൊറി. 10:17)** |
| 34 | വിശുദ്ധ കുർബാന എന്ന വിരുന്ന് പൂർണ്ണമാകുന്നത് എപ്പോഴാണ്? | **അതിൽ പങ്കെടുക്കുന്ന എല്ലാവരും ഈശോ നൽകുന്ന ശരീരരക്തങ്ങൾ യോഗ്യതയോടെ സ്വീകരിക്കുമ്പോൾ.** |
| 35 | വിശുദ്ധ കുർബാനയിൽ പങ്കുചേരുന്നതിലൂടെ നമുക്ക് ലഭിക്കുന്ന പ്രധാന ഫലങ്ങൾ ഏതെല്ലാം? | **ആത്മീയപോഷണം, ഈശോയോടുള്ള ഐക്യം, സഭയോടുള്ള ഐക്യം, നിത്യജീവന്റെ പ്രത്യാശ, പരസ്പര സ്നേഹവും പങ്കുവയ്ക്കലും എന്നിവ വിശുദ്ധ കുർബാനയിലൂടെ നമുക്ക് ലഭിക്കുന്നു.** |

| **B.** | **പ്രധാന ബൈബിൾ വാക്യങ്ങൾ** |
|---|---|
| 1 | ഞാനാണ് ജീവന്റെ അപ്പം, എന്റെ അടുത്ത് വരുന്നവന് ഒരിക്കലും വിശക്കുകയില്ല. (യോഹന്നാൻ 6:35) |
| 2 | എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. (യോഹന്നാൻ 6:54) |